കാണാതായ ബുഷ്റ തിരിച്ചെത്തി; പോലീസ് സംരക്ഷണം വേണമെന്ന് ജ്യോതി

കണ്ണൂർ: രണ്ടരമാസം മുമ്പ് കാണാതായ സെയിൽസ് ഗേൾ ബുഷ്റ ജ്യോതിയായി മടങ്ങിയെത്തി. കോടതിയിൽ ഹാജരായ ജ്യോതി പോലീസ് സംരക്ഷണത്തോടെ ഭർത്താവ് വിശാലിനോടൊപ്പം കോഴിക്കോട്ടേക്ക് പോയി. കണ്ണൂർ സിറ്റിയിൽ ഒരു ഫാൻസി കടയിലെ ജീവനക്കാരിയായ മുണ്ടയാട് പള്ളിപ്പറമ്പ് സ്വദേശിനി ബുഷ്റയെന്ന 18 കാരിയെ കാണാനില്ലെന്ന് കാണിച്ച് രക്ഷിതാക്കൾ സിറ്റി പോലീസിൽ പരാതി നൽകിയിരുന്നു. തുടർന്നുള്ള അന്വേഷണത്തിലാണ് ബുഷ്റ കമ്പ്യൂട്ടർ സെയിൽസ്മാനായ വിശാലുമായി പ്രണയത്തിലാണെന്ന് മനസിലായത്. കഴിഞ്ഞ ഏപ്രിൽ അഞ്ചിനാണ് ജോലിക്കെന്ന് പറഞ്ഞ് ബുഷ്റ വീട്ടിൽ നിന്നിറങ്ങിയത്. പോലീസ് തെരച്ചിൽ നടത്തുന്നതിനിടയിലാണ് പിറ്റേദിവസം ബുഷ്റ മതം മാറി കോഴിക്കോട് വെച്ച് വിശാലിനെ വിവാഹം കഴിച്ചതായി കണ്ടെത്തിയത്. മൂന്ന് വർഷമായി ഇവർ പ്രണയത്തിലായിരുന്നു. ഇന്നലെ കോടതിയിൽ ഹാജരായ ജ്യോതി തന്റെ വീട്ടുകാരിൽ നിന്നും ഭീഷണിയുണ്ടെന്നും ഭർത്താവിനോടൊപ്പം പോകാനാണ് താൽപര്യമെന്നും അറിയിക്കുകയായിരുന്നു. കോടതി നിർദ്ദേശ പ്രകാരം പോലീസ് സംരക്ഷണത്തോടെ ഇരുവരേയും കോഴിക്കോട്ടേക്ക് അയച്ചു. ബുഷ്റക്ക് വേണ്ടി അഡ്വ.കെ ഷീമ ഹാജരായി.

ബലാത്സംഗത്തിനിരയായ വിദ്യാർത്ഥിനിയെ അമ്മയോടൊപ്പം വിട്ടയച്ചു

കണ്ണൂർ: പ്രണയം നടിച്ച് ഒമ്പതാം ക്ലാസുകാരിയെ ബലാത്സംഗം ചെയ്ത യുവാവിനെ പോലീസ് തെരയുന്നു. തമിഴ്നാട് സേലം സ്വദേശി മണിക്കുട്ടനെ(25)യാണ് പോലീസ് തെരയുന്നത്.

പെൺകുട്ടിയുടെ ബന്ധു കൂടിയായ മണി പലപ്പോഴും ഇവരുടെ വീട്ടിലാണ് താമസിച്ചിരുന്നതത്രെ. ഇതിനിടയിൽ പെൺകുട്ടിയുമായി പ്രണയത്തിലാവുകയും വിവാഹ വാഗ്ദാനം നൽകി ബലാത്സംഗത്തിനിരയാക്കുകയായിരുന്നു. വിദ്യാർത്ഥിനിയുമായി ഒളിച്ചോടിയ മണി തന്റെ സഹോദരി താമസിക്കുന്ന സേലം വീട്ടിൽ വെച്ചാണ് പീഡിപ്പിച്ചത്.

ഇരിട്ടിയിലാണ് മണി വ്യാപാരം ചെയ്യുന്നത്. സേലത്ത് നിന്ന് പിടികൂടിയ പെൺകുട്ടിയെ കണ്ണൂർ ഗവ ആശുപത്രിയലെ വൈദ്യ പരിശോധനക്ക് ശേഷം കണ്ണൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് സി മുജീബ് റഹ്മാൻ മുമ്പാകെ ഹാജരാക്കി. വിദ്യാർത്ഥിനിയെ അമ്മയോടൊപ്പം വിട്ടയച്ചു.

പ്രത്യേക അന്വേഷണ സംഘത്തിൽ സുരേഷ് ഗോപിമാർ: ജയരാജൻ

കണ്ണൂർ: പ്രത്യേക അന്വേഷണ സംഘത്തിലെ ചില ഉദ്യോഗസ്ഥർ അക്ഷൻ സിനിമകളിലെ സുരേഷ്ഗോപി ചമയുകയാണെന്ന് സി.പി.എം കേന്ദ്ര കമ്മറ്റിയംഗം ഇ.പി. ജയരാജൻ.ജന നേതാക്കളെ സിനിമാ മോഡലിൽ റോഡിൽ വെച്ച് വാഹനം തടഞ്ഞ് അറസ്റ്റ് ചെയ്യുന്ന പരിപാടി ആരുടെ നിർദേശ പ്രകാരമാണെന്നതിന് ഇത്തരം ഉദ്യോഗസ്ഥർ മറുപടി നൽകേണ്ടി വരുമെന്നും ജയരാജൻ പറഞ്ഞു. കോഴിക്കോട് ജില്ലാ സിക്രട്ടറിയേറ്റംഗം പി. മോഹനനെ അറസ്റ്റ് ചെയ്ത നടപടികൾ മുൻകൂട്ടി തയാറാക്കിയ തിരക്കഥപ്രകാരമാണ്. കുഞ്ഞനന്തന്റെയും മറ്റുമായി വരുന്ന മൊഴികൾ ചില ചാനലുകളിൽ ബ്രേക്കിംഗ് ന്യൂസായി പുറത്ത് വരികയാണ്. ചോദ്യം ചോദിക്കുന്നതിന് മുമ്പെ ചാനലിൽ ഉത്തരം വരുന്ന ഗൂട്ടൻസ് എല്ലാവർക്കുമറിയാം. ഇത്തരം അഭ്യാസപ്രകടനങ്ങൾകൊണ്ടൊന്നും സി.പി.എമ്മിനെ തകർക്കാമെന്ന് ആരും കരുതേണ്ട. ചില ഉദ്യോഗസ്ഥൻമാർ മമ്മൂട്ടി,മോഹൻലാൽ, അല്ലു അർജുൻ വേഷങ്ങൾ കെട്ടിയാടുന്നു. സിനിമയിലെ വേഷങ്ങളുമായി ജനങ്ങൾക്കിടയിൽ വന്നാൽ കളിമാറുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഏതാനും നേതാക്കളെ കേസിൽപ്പെടുത്തിയാൽ തകരുന്ന പാർട്ടിയല്ല സി.പി.എം. ജനങ്ങളാണ് സി.പി.എമ്മിന്റെ കരുത്ത്. അതിന് മുന്നിൽ ഒരു പോലീസുകാരും പിടിച്ചു നിൽക്കാനാവില്ല. അടുത്ത പാർല്ലമെന്റ് തെരഞ്ഞെടുപ്പിൽ ആർ.എം.പിക്കാരെ യു.ഡി.എഫിന്റെ കൂടെ പരസ്യമായി നിർത്താനുള്ള നീക്കത്തിന്റെ ഭാഗമാണ് ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണത്തിൽ നടക്കുന്നു. ആർ.എം പിക്കാർ തയാറാക്കി കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളിക്ക് നൽകിയ ലിസ്റ്റ് പ്രകാരമാണ് ഓരോ ദിവസവും തിരുവഞ്ചൂർ സി.പി.എം നേതാക്കളെ പിടിക്കുന്നത്. ഇതിന്റെ അവസാനത്തെ ഉദാഹരണമാണ് പി. മോഹനന്റെ അറസ്റ്റ്. കാണാനില്ലെന്ന് പറഞ്ഞ കുഞ്ഞനന്തനെതിരെ ഒരു ലുക്കൗട്ട് നോട്ടീസ് പോലീസ് മാധ്യമങ്ങളിൽ പതിച്ചിട്ടുമില്ല പ്രസിദ്ധീകരിച്ചുട്ടുമില്ല. പച്ച നുണകൾ പറഞ്ഞ് നടക്കുകയാണ് തിരുവഞ്ചൂരിന്റെ പോലീസുകാർ. ഒരു കൊലക്കേസ് ചുമത്തി സി.പി.എമ്മിനെ അവസാനിപ്പിച്ചു കളയാമെന്ന് അരും സ്വപ്നം കാണേണ്ടെന്നും ജയരാജൻ പറഞ്ഞു.

എയ്ഡഡ് പദവി തീരുമാനം പുനഃപരിശോധിക്കണം

കണ്ണൂർ: മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന 35 വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി നൽകാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന് കെ.പി.എസ്.ടി.യു കണ്ണൂർ റവന്യൂ ജില്ലാ കമ്മറ്റി ഗവർമെന്റിനോടാവശ്യപ്പെട്ടു. കെ. രമേശൻ അധ്യക്ഷതവഹിച്ചു. സി. വിനോദ്കുമാർ, കെ.സി. രമണി, പി. സുഖദേവൻ, ഐ. ഹരിദാസ്, യു.കെ. ദിവാകരൻ, കെ.എം ഗംഗാധരൻ തുടങ്ങിയവർ സംസാരിച്ചു.

ബേങ്കിൽ കൊണ്ടുവന്ന പണത്തിൽ കള്ളനോട്ട്!

കണ്ണൂർ: നഗരത്തിലെ ഒരു വാഹന വിൽപന സ്ഥാപനത്തിൽ നിന്നും ബേങ്കിൽ അടക്കാൻ കൊണ്ടുവന്ന പണത്തിൽ ആയിരം രൂപയുടെ കള്ളനോട്ട് കണ്ടെത്തി! തെക്കീ ബസാറിലെ സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യയുടെ ബ്രാഞ്ചിൽ അടക്കാൻ കൊണ്ടുവന്ന പണത്തിലാണ് ആയിരം രൂപയുടെ ഒരു കള്ളനോട്ട് കാണപ്പെട്ടത്. മാനേജർ രാധയുടെ പരാതിയിൽ ടൗൺ പോലീസ് കേസെടുത്തു.

മഴ: മോഷ്ടാക്കൾ വിലസുന്നു; ജാഗ്രതവേണം

തലശ്ശേരി: കനത്ത മഴയിൽ മോഷണ ശ്രമവുമായി മോഷ്ടാക്കൾ വിലസുന്നതിനാൽ ജാഗ്രത വേണമെന്ന് പോലീസ്. ഇന്ന് പുലർച്ചെ മഴയത്ത് ഗുഡ്ഷെഡ് റോഡിലെ താഴത്ത് വീട്ടിൽ തസ്ലിമിന്റെ വീടിന്റെ വാതിൽ പൊളിച്ച് അകത്ത് കടന്ന മോഷ്ടാക്കൾ രണ്ട് മൊബൈൽ ഫോൺ, അലമാരയിൽ സൂക്ഷിച്ച 3,900 രൂപ എന്നിവ മോഷണം നടത്തിയതായി പോലീസിൽ പരാതി. തലശ്ശേരി ഒ.വി. റോഡിലെ സലീമിന്റെ ഉടമസ്ഥതയിലുള്ള മെറ്റൽ കടയിൽ മോഷണം. 25,000 രൂപയുടെ പിച്ചള, ഓട് സാധനങ്ങൾ മോഷണം നടത്തിയതായി പരാതി. പോലീസ് കേസെടുത്ത് അന്വേഷിച്ചു വരുന്നു.

ട്രേഡ് യൂണിയൻ സംഗമം വിജയിപ്പിക്കും

കണ്ണൂർ: കോട്ടയം പാലായിൽവെച്ച് 30ന് ശനിയാഴ്ച വൈകുന്നേരം നാല് മുതൽ ചേരുന്ന ഐ എൻ ടി യു സി സംസ്ഥാന സംഗമം വിജയിപ്പിക്കാൻ കേരള പ്രദേശ് കൺസ്ട്രക്ഷൻ ആന്റ് ആർട്ടിസാൻസ് എംപ്ലോയീസ് കോൺഗ്രസ് (ഐ എൻ ടി യു സി) തീരുമാനിച്ചു. ആഭ്യന്തര വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ സംഗമം ഉദ്ഘാടനം ചെയ്യും. ഇതു സംബന്ധിച്ച് ചേർന്ന യോഗത്തിൽ ജില്ലാ പ്രസിഡന്റ് ഷാജി ചന്ദ്രോത്ത് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജന.സെക്രട്ടറി രാജേഷ് പാലക്കാട്ട്, പൂക്കണ്ടി വിജയൻ, അഡ്വ. പി പി വിജയൻ സംസാരിച്ചു.

കോൺഗ്രസ് സമ്മേളനം നാളെ

കൂത്തുപറമ്പ്: മണ്ഡലം കോൺഗ്രസ് സമ്മേളനം ജൂലൈ ഒന്നിന് ഞായറാഴ്ച കെ.യു.പി സ്കൂളിൽ നടക്കുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. 10 മണിക്ക് സണ്ണി ജോസഫ് എം. എൽ.എ ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് കെ. സജീന്ദ്രൻ അധ്യക്ഷത വഹിക്കും. 'ഇന്ത്യൻ ജനാധിപത്യവും മതേതരത്വവും' നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ പഠന ക്ലാസ് നടക്കും. ഫോക് ലോർ അക്കാദമി ചെയർമാൻ പ്രൊഫ. ബി.മുഹമ്മദ് അഹമ്മദ് പങ്കെടുക്കും. യു.എൻ സത്യചന്ദ്രൻ അധ്യക്ഷത വഹിക്കും. സുമാബാല കൃഷ്ണൻ പങ്കെടുക്കും. വൈകീട്ട് നടക്കുന്ന സമാപന സമ്മേളനം സംസ്ഥാന സേവാദൾ ബോർഡ് ചെയർമാൻ എൻ.രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. പത്ര സമ്മേളനത്തിൽ മണ്ഡലം പ്രസിഡന്റ് കെ. സജീന്ദ്രൻ, പി. നന്ദനൻ മാസ്റ്റർ, പി.ബി. അഷ്റഫ്,പി. ജിതേഷ് പി.കെ ലാലു എന്നിവർ പങ്കെടുത്തു.

ക്യാഷ് അവാർഡ് നൽകുന്നു

കണ്ണൂർ: ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി സി.ബി.എസ്.ഇ പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ കിഴുന്ന വി.എസ്.എസ് യൂനിറ്റിൽ അംഗങ്ങളായവരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. അർഹരായവർ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് സഹിതം ജൂലൈ 15 നകം ഭാരവാഹികളുമായി ബന്ധപ്പെടണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9495479147.

നൈമിശാരണ്യം ഫെസ്റ്റിവൽ

കണ്ണൂർ: നൈമിശാരണ്യം ഫെസ്റ്റിവലിന്റെ ഭാഗമായി നടന്നുവരുന്ന സംഗീത സ്മൃതി സ്വാതിതിരുനാൾ കൃതികളുടെ അഖണ്ഡ സംഗീതാലാപനം ജൂലൈ രണ്ടാംവാരത്തിൽ. സ്വാതിതിരുനാൾ കൃതികൾ മാത്രമായി പാടാൻ ആഗ്രഹമുള്ളവർ 9895269047 എന്ന നമ്പറിൽ ബന്ധപ്പെടണം.

പ്രസവാനന്തര ശുശ്രൂഷക്കെതിരെ പരാതി വ്യാപകം: കുഞ്ഞിനെ നോക്കാൻ 13500 രൂപ

മട്ടന്നൂർ: ഹോം നേഴ്സിന്റെ മറവിൽ തട്ടിപ്പ് സ്ഥാപനങ്ങൾ പെരുകുന്നതായി ആക്ഷേപം വ്യാപകമാവുന്നു. പ്രസവാനന്തര ശുശ്രൂഷക്കാണ് പ്രധാനമായും ആളുകൾ ഇത്തരം സ്ഥാപനങ്ങളെ സമീപിക്കുന്നത്. അണുകുടുംബ വ്യവസ്ഥയിൽ ജീവിക്കുന്നവരുടെ നിസ്സാഹായവസ്ഥ മുതലെടുത്ത് വൻ തട്ടിപ്പുകൾ ഈ മേഖലയിൽ നടക്കുന്നതായി അനുഭവസ്ഥർ പറയുന്നു.

രണ്ടാഴ്ച കാലത്തേക്ക് പ്രസവാനന്തര ശുശ്രൂഷക്കായി ഒരാൾക്ക് നൽകേണ്ടത് 13000 രൂപക്ക് മുകളിലാണ്. ഇതിൽ അധിക ദിവസം വേണമെങ്കിൽ മൂവായിരം മുതൽ മുകളിലേക്ക് കൂടുതലായി നൽകേണ്ടി വരും. എന്നാൽ ഇത്തരത്തിൽ എത്തുന്നവർക്ക് യാതൊരുവിധ ശുശ്രൂഷ പരിചയവും ഇല്ലെന്നാണ് പരാതിയുയരുന്നത്. കൂലിപ്പണിക്ക് പോകുന്നവരും കർഷകതൊഴിലാളികളും മറ്റുമാണ് ഇപ്പോൾ ഈ മേഖലയിലേക്ക് വരുന്നതത്രെ. കുഞ്ഞിനെ കളിപ്പിക്കൻ പോലും കൃത്യമായി അറിയാത്ത ഇക്കൂട്ടർ ഉണ്ടാക്കുന്നപൊല്ലാപ്പുകൾ ചില്ലറയല്ല. കുഞ്ഞിന്റെ മലമൂത്ര വിസർജ്ജന തുണികൾ കഴുകി ഇടാനോ മാതാവിന് ഭക്ഷണമോ വെള്ളമോ മരുന്നുകളോ എടുത്ത് നൽകാനോ മടികാണിക്കുന്ന ഇക്കൂട്ടരുടെ കാര്യങ്ങൾ നോക്കാൻ വേറെ ആളെ നിർത്തേണ്ട അവസ്ഥയാണെന്ന് അനുഭവസ്ഥർ പറയന്നത്. അടുത്തിടെ കുഞ്ഞിനെയും അമ്മയെയും കുളിപ്പിക്കുന്നതിനിടയിൽ അസ്വസ്ഥത തോന്നിയ മാതാവ് പരിചാരികയെ ചോദ്യം ചെയ്തപ്പോൾ കെട്ടിട നിർമാണ തൊഴിലാളിയാണെന്നും മഴക്കാലമായതിനാൽ ഈ ജോലിക്ക് വന്നതാണെന്നും മറുപടി നൽകി. കുഞ്ഞിനെ കസേരയിലിരുന്ന് നോക്കിയാൽ മതിയെന്നാണ് ഏജൻസി സ്ത്രീയോട് പറഞ്ഞത്. മറ്റ് പണികൾ ചെയ്യേണ്ടെന്നും അവർ വിവരിച്ചു.

ഏജൻസിയെ ബന്ധപ്പെട്ടപ്പോൾ പരാതിയുണ്ടെങ്കിൽ സ്ത്രീയെ മടക്കി അയക്കാനും മുൻകൂർ നൽകിയ പണം തിരിച്ചു നൽകില്ലെന്ന മറുപടിയുമാണ് ലഭിച്ചതത്രെ. ആരോഗ്യ വകുപ്പ് അധികൃതർ ഉൾപ്പെടെയുള്ളവർ ഈ വിഷയത്തിൽ ഇടപെടണമെന്ന ആവശ്യം ഉയർന്നു കഴിഞ്ഞു.

കണ്ണൂർ എ.കെ.ജി ആശുപത്രിയുടെ 'വിളിപ്പുറത്ത് സേവനം' പദ്ധതിക്ക് തിരക്കേറി

കണ്ണൂർ: എ.കെ.ജി സ്മാരക സഹകരണാശുപത്രിയുടെ 'വിളിപ്പുറത്ത് സേവനം' പദ്ധതിക്ക് തിരക്കേറി.

പരസഹായമില്ലാതെ രോഗിക്കും ബന്ധുക്കൾക്കും ചികിത്സ ഉറപ്പാക്കുന്നതാണ് പദ്ധതി. ഇതിൽ ചേരുന്നതിനുള്ള തിരക്ക് കണക്കിലെടുത്ത് പദ്ധതിയുടെ കാലാവധി ജൂലൈ 31 വരെ നീട്ടാൻ ഭരണസമിതി തീരുമാനിച്ചു. മൂന്ന് വർഷം കഴിഞ്ഞാൽ തുക തിരിച്ചുതരുമെന്നതാണ് പദ്ധതിയുടെ സവിശേഷത.

അമ്പതിനായിരം രൂപയോ അതിൽ കൂടുതലോ ഓഹരിയെടുക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഒരു ഫോൺ വിളിയിലൂടെ ചികിത്സ ഉറപ്പാക്കും. രോഗികളോ അവരുടെ ബന്ധുക്കളോ ആശുപത്രി ഫോണിൽ വിളിച്ചാൽ അവർ താമസിക്കുന്ന സ്ഥലത്ത് വാഹനമെത്തുകയും പരിശോധനക്ക് ശേഷം വീട്ടിൽ തിരികെയെത്തിക്കുകയും ചെയ്യും. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്ന രോഗിക്ക് സഹായം ആവശ്യമാണെങ്കിൽ ഒരു പരിചാരകനെ ഏർപ്പെടുത്തും. ഡിസ്ചാർജ് ചെയ്യുന്നതുവരെ ഭക്ഷണവും സൗജന്യമാണ്. ആശുപത്രിയിൽ ലഭ്യമല്ലാത്ത ചികിത്സ ആവശ്യമായി വരികയാണെങ്കിൽ മറ്റിടങ്ങളിൽ എത്തിക്കാനുള്ള ഉത്തരവാദിത്വവും ഏറ്റെടുക്കും. പദ്ധതിയിൽ ചേർന്ന് ഒരു മാസം തികയുന്ന മുറക്ക് സേവനം ലഭ്യമായിത്തുടങ്ങും. പദ്ധതിയിൽ ചേരുന്നവർക്കും കുടുംബാംഗങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും. എഴുപത് വയസ് വരെയാണ് ഇൻഷുറൻസ് പരിരക്ഷ. വിളിക്കേണ്ട നമ്പർ: 9495261011, 9447707346, 9847961049

പഞ്ചരത്നകൃതികളുടെ സൗജന്യ പഠനക്യാമ്പ് നാളെ

കണ്ണൂർ: ത്യാഗരാജ സ്വാമികളുടെ പഞ്ചരത്നകൃതികളുടെ സൗജന്യ പഠനക്യാമ്പ് കണ്ണൂരിൽ നടത്തുന്നു. സ്വാതിതിരുനാൾ കലാകേന്ദ്രസംഗീത വിദ്യാലയത്തിൽ ഞായറാഴ്ച യാണ് ക്യാമ്പ്. രാവിലെ 9ന് ക്യാമ്പ് ആരംഭിക്കുമെന്ന് മാനേജിംഗ് ട്രസ്റ്റി കൈതപ്രം ദാമോദരൻ നമ്പൂതിരി അറിയിച്ചു. കർണാടക സംഗീതവിദ്യാർത്ഥികൾ നിശ്ചയമായും അറിഞ്ഞിരിക്കേണ്ടതാണ് പഞ്ചരത്നകീർത്തനങ്ങൾ. ഗുരുവായൂർ ചെമ്പൈ സംഗീതോത്സവം സമാപിക്കുന്നത് പഞ്ചരത്ന കീർത്തനാലാപത്തോടെയാണ്. മൂന്ന് വർണങ്ങൾ അഭ്യസിച്ചിട്ടുള്ള സംഗീത വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ക്യാമ്പിൽ പങ്കെടുക്കാവുന്നതാണെന്ന് കൈതപ്രം പറഞ്ഞു. തളാപ്പിലെ സി എസ് ഐ ചർച്ചിനടുത്തുള്ള കലാകേന്ദ്രയിലാണ് പ്രതിമാസ സൗജന്യ ക്ലാസുകൾ നടത്തുന്നത്. ക്യാമ്പിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. 9447320002 നമ്പറിൽ ബന്ധപ്പെട്ടാൽ വിശദവിവരങ്ങൾ ലഭിക്കും.

എ.ബി.വി.പി പ്രവർത്തകന് മർദനം

തലശ്ശേരി: കാവുംഭാഗം ഹയർസെക്കന്ററിയിലെ വിദ്യാർത്ഥിയും എ.ബിവിപി പ്രവർത്തകനുമായ സാഹന്തിനെ ഒരു സംഘം എസ്എഫ്ഐ പ്രവർത്തകൻ മർദിച്ചതായി പരാതി. സോജിത്ത്, ജിഷോബ്, രാഹുൽ എന്നിവർക്കെതിരെ പോലീസ് കേസെടുത്തു.

വ്യാജ കാർഡ് നിർമിച്ച് ബേങ്കിൽ നിന്നും പണം തട്ടിയെടുത്തു

കണ്ണൂർ: വ്യാജ ഡബിറ്റ് കാർഡ് നിർമിച്ച് ബേങ്കിൽ നിന്നും പണം തട്ടിയതായി കേസ്. ആക്സിസ് ബേങ്കിൽ നിന്നാണ് തളാപ്പ് സ്വദേശി കെ.വി. ചന്ദ്രന്റെ മകൻ സ്വേത ഭവനിലെ ഷമിത് ചന്ദ്രന്റെ രണ്ട് ലക്ഷത്തോളം രൂപ തട്ടിയെടുത്തത്. ഇക്കഴിഞ്ഞ വെള്ളിയാഴ്ചയാണത്രെ മൂന്ന് തവണയായി 1,29,431 രൂപ അക്കൗണ്ടിൽ നിന്നും പിൻവലിച്ചത്. മൊബൈൽ ഫോണിൽ മെസേജ് വന്നതിനെ തുടർന്നുള്ള അന്വേഷണത്തിലാണ് പണം നഷ്ടപ്പെട്ടകാര്യം അറിയുന്നതെന്ന് ഷമിത് ചന്ദ്രൻ പോലീസിനോട് പറഞ്ഞു.

മാർക്ക്‌ലിസ്റ്റ് നഷ്ടപ്പെട്ടു

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ എന്റെ ബി.ബി.എം. ഡിഗ്രി സപ്ലിമെന്ററി മാർക്ക്‌ലിസ്റ്റ് (Reg No: 52030-September/2011) യാത്രാ മദ്ധ്യേ നഷ്ടപ്പെട്ടിരിക്കുന്നു. കിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിൽ അറിയിക്കാൻ താൽപര്യം. അല്ലാത്ത പക്ഷം ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുന്നതാണ്.

Zuhin Ismail
'Noopura'
Thalassery, Kannur Dist.

CANNANORE CANTONMENT BOARD

walk-in-interview

A walk-in-interview will be held on 10 am 10-07-2012 for the following posts purely on temporary basis in the Office of Cannanore Cantonment/Board, Kannur-17. Ph: 2731086

1. Technical assistant data entry operator-2 Nos.
   Age- up to 28 years
   Qualification - plus two
   Desirable: Proficiency in MS Office
   Salary: Rs. 5,000/- p.m-(Consolidated)
2. Safaiwala-2 Nos.
   Age- up to 28 years
   Qualification-SSLC
   Desirable: Good Physique
   Salary: Rs. 5000/- p.m-(Consolidated)

Sd/-
CEO. Cannanore Cantonment Board

സ്ഥലം വിൽപനക്ക്

മട്ടന്നൂർ റോഡിൽ നിന്നും 7 കി.മീ അകലെ ഇരിക്കൂർ പുഴക്കടുത്ത് പെരിയച്ചൂരിൽ 1 ഏക്കർ 75സെന്റ് റോഡ് സൗകര്യത്തോടുകൂടി വിൽപനക്ക്. സെന്റിന് 25,000/-

9447690469

ഇഷ്യ, കണ്ണൂർ

വീട്ടുജോലി, പ്രസവ, രോഗി ശുശ്രൂഷ എന്നീ ജോലിക്കും ജോലിക്കാർക്കും.
ഇഷ്യ, കണ്ണൂർ

2764042
9567860381

കോൺക്രീറ്റ് & ചുമർകട്ടിംഗ്

ബ്ലെയ്ഡ് കട്ടിംഗ്, ഡിമോളിഷിംഗ്, ചിപ്പിംഗ്, ആർച്ച് കട്ടിംഗ് എന്നിവ ചെയ്തുകൊടുക്കുന്നതിന് ബന്ധപ്പെടുക

8086025046

വിലക്കുറവിൽ

എല്ലാവിധ കമ്പനികളുടെ ഫോട്ടോസ്റ്റാറ്റ്, ലാമിനേഷൻ, സ്പൈറൽ ബൈൻഡിങ്ങി നാവശ്യമായസാധനങ്ങളുടെ സമ്പൂർണ്ണ ശേഖരം.

കൺമണി
സ്റ്റേഡിയം കോംപ്ലക്സ്
കണ്ണൂർ, ഫോൺ: 0497-2704470

യു. ഡി. എഫ്. സർക്കാർ രണ്ടാം വർഷത്തിലേക്ക്

ശ്രീ. ഉമ്മൻ ചാണ്ടി
ബഹു. മുഖ്യമന്ത്രി

ശ്രീ. മഞ്ഞളാംകുഴി അലി
ബഹു. നഗരകാര്യ - ന്യൂനപക്ഷ ക്ഷേമ മന്ത്രി

നഗരകാര്യ വകുപ്പ്

- തിരുവനന്തപുരം നഗരത്തിൽ പ്രതിദിനം 35 ടൺ ഖരമാലിന്യം സംസ്കരിക്കാനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി.
- കൊച്ചി, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, എന്നിവിടങ്ങളിൽ PPP (Public Private Partnership) അടിസ്ഥാനത്തിൽ മാലിന്യം സംസ്കരിക്കുന്നതിന് അത്യാധുനിക പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.
- ഖരമാലിന്യ സംസ്കരണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിച്ച് മെച്ചപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റികൾക്ക് 19.19 കോടി രൂപ സാമ്പത്തിക സഹായം. ഉറവിടമാലിന്യ സംസ്കരണത്തിന് കോർപ്പറേഷനുകൾക്ക് 8.56 കോടി രൂപയുടെയും മുനിസിപ്പാലിറ്റികൾക്ക് 6.79 കോടി രൂപയുടെയും സാമ്പത്തിക സഹായം.
- സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ പ്രധാനപ്പെട്ട ഓഫീസ് സമുച്ചയങ്ങളിലും യാത്രാ കേന്ദ്രങ്ങളിലും സ്ഥാപിക്കുന്നതിനും പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഗേൾഫ്രണ്ട് ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനും നടപടി.
- നവീന അറവുശാലകൾക്കായി ബൃഹത്തായ പദ്ധതി.
- എരുമേലി ടൗൺഷിപ്പിന് സർക്കാർ അനുമതി. വള്ളുവനാട്, ഭരണങ്ങാനം വികസന അതോറിറ്റികൾ.
- തിരുവനന്തപുരം ഉൾപ്പടെ 32 നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരുന്നു. ഇവയിൽ പറവൂർ, വൈക്കം, ചങ്ങനാശ്ശേരി, തലശ്ശേരി എന്നീ പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകൾക്ക് സർക്കാർ അംഗീകാരം.
- 11 ജില്ലകളുടെ അർബനൈസേഷൻ പഠനം പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ചു.
- കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതി പരിഗണനയിൽ.
- തിരുവനന്തപുരം നഗരത്തിൽ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിന് 88.16 കോടിയുടെ പദ്ധതി.
- കൊച്ചി നഗരത്തിന്റെ ഹൃദയഭാഗത്തെ വെള്ളപ്പൊക്ക നിവാരണത്തിനായി 21 പാക്കേജുകൾ.
- കൊച്ചി നഗരത്തിലെ ശുദ്ധജല വിതരണ ശൃംഖല വിപുലീകരിക്കുന്നതിനായി 201 കോടി രൂപയുടെ പദ്ധതി.

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

- 2011-12 അധ്യന വർഷത്തിൽ 9-ാം ക്ലാസ്സിൽ പഠിക്കുന്ന ബി.പി.എൽ. കുടുംബത്തിൽപ്പെട്ട 7599 വിദ്യാർത്ഥികൾക്ക് പഠനോപകാരപ്രദമായ മേശയും കസേരയും വിതരണം ചെയ്തു. ഇതിനായി 3.5 കോടി രൂപ ചെലവഴിച്ചു.
- ഇന്ത്യയിലെ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലയുടെ പട്ടികയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള വയനാട് കൂടാതെ സംസ്ഥാനത്ത് നിന്നും 7 ജില്ലകളെക്കൂടി ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിൽ പദ്ധതി സമർപ്പിച്ചു.
- മുസ്ലീം യുവജനതയ്ക്കായുള്ള അഞ്ച് കോച്ചിംഗ് സെന്ററുകൾക്ക് പുറമെ മലപ്പുറം ജില്ലയിലെ വേങ്ങരയിലും കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളിയിലും തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിലും ഓരോ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കും.
- മുസ്ലീം വിദ്യാർത്ഥിനികൾക്ക് നൽകി വരുന്ന സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് / ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയ്ക്ക് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി നാല